യൂണിറ്റിൽ കോഴിക്കോട്, കാസർഗോഡ്, കല്പറ്റ എന്നിവിടങ്ങളിലായി മൂന്നും ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ചു. കൂടാതെ ഹൈ ടെൻഷൻ/ എക്സ്ട്രാ ഹൈടെൻഷൻ മേഖലയെക്കൂടി ബോർഡിലെ ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ആഫീസറുടെ മേലധികാരത്തിൽ കൊണ്ടുവരികയും ആയതിന് ചുമതലക്കാരായി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ആന്റി പവർ തെഫ്റ്റ് യൂണിറ്റ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വൈദ്യുതി മോഷണത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

വൈദ്യുതി മോഷണവും വൈദ്യുതി ദുരുപയോഗവും തടയുന്നതിന് നടപടികൾ

112 (3912) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മോഷണവും വൈദ്യുതി ദുരുപയോഗവും തടയുന്നതുവഴി എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിച്ചുവെന്നും ഈ ഇനത്തിൽ വൈദ്യുതി ബോർഡിനുള്ള സാമ്പത്തിക ലാഭമെത്രയെന്നും അറിയിക്കുമോ ?

ഉത്തരം

കണക്കാക്കിയിട്ടില്ല. എന്നാൽ വൈദ്യുതി മോഷണവും വൈദ്യുതി ദുരുപയോഗവുംവഴി 1-4-2001 മുതൽ 5/2003 വരെ 1,99,30,631 യൂണിറ്റ് വൈദ്യുതി നഷ്ടം ഉണ്ടായതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ പിഴയായി 24,85,71,228 രൂപ ചുമത്തിയിട്ടുണ്ട്. ആയതിനാൽ 7,91,29,444 രൂപ വസൂലാക്കിയിട്ടുണ്ട്. ബാക്കി തുക കോടതി കേസുകളിലും അപ്പീൽ പെറ്റീഷന്റെ തീർപ്പിലും വിധേയമായി പിരിഞ്ഞ് കിട്ടാനുള്ളതാണ്.

കേരള പവർ ഫിനാൻസ് കോർപ്പറേഷന്റെ ബോണ്ടുകൾ

113 (3913) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പവർ ഫിനാൻസ് കോർപ്പറേഷൻ 2003-ൽ പുതിയ ബോണ്ടുകൾ ഇഷ്യൂ ചെയ്യുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly